സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുക

53 (450) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഭവസമാഹരണത്തിന്റെ ഭാഗമായി വിവിധ സഹകരണബാങ്കുകൾ 31-1-2001 വരെ ട്രഷറിയിൽ എത്ര രൂപ നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന് നൽകുന്ന പലിശ എത്ര ശതമാനമാണ് ;

(സി) 1-1-2001 ന് ശേഷം ഈ നിക്ഷേപത്തിൽ നിന്നും എത്ര രൂപ മടക്കി നൽകിയിട്ടുണ്ട് ;

(ഡി) സഹകരണ ബാങ്കുകൾ ട്രഷറിയിൽ പണം നിക്ഷേപിക്കുന്നത് സംബന്ധിച്ച് നബാർഡ് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണോ ട്രഷറിയിൽ പണം നിക്ഷേപിച്ചിട്ടുള്ളത് ;

(ഇ) നബാർഡിന്റെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ നബാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) പല പ്രൈമറി ബാങ്കുകളും സ്വന്തമായ ഫണ്ടിൽ നിന്നല്ലാതെ, മറിച്ച് ജില്ലാബാങ്കുകളിൽ നിന്നും പണം കടം വാങ്ങിയാണ് ട്രഷറിയിൽ പണം നിക്ഷേപിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഈ നിക്ഷേപം മടക്കി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിഭവ സമാഹരണത്തിന്റെ ഭാഗമായി വിവിധ സഹകരണബാങ്കുകൾ 31-1-2001 വരെ 632 കോടി 92 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) ടി നിക്ഷേപങ്ങൾക്ക് 13 ശതമാനം പലിശയാണ് നൽകി വരുന്നത്.

(സി) 1-1-2001 ന് ശേഷം ഈ നിക്ഷേപത്തിൻ നിന്നും തുകയൊന്നും മടക്കി നൽകിയിട്ടില്ല.

(ഡി) നബാർഡിന്റെ വിവസ്ഥകൾ/ചട്ടങ്ങൾക്കനുസൃതമായല്ല സഹകരണ ബാങ്കുകൾ ട്രഷറിയിൽ പണം നിക്ഷേപിച്ചിരിക്കുന്നത് എന്ന് സംസ്ഥാന സഹകരണ ബാങ്കും സഹകരണ വകുപ്പും അറിയിച്ചിട്ടുണ്ട്.

(ഇ) നബാർഡിന്റെ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ സഹകരണ ബാങ്കുകൾക്ക് നൽകുന്ന വായ്പയിൻമേൽ നബാർഡ് ചില വിലക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു.

(എഫ്) പ്രൈമറി ബാങ്കുകൾ ജില്ലാബാങ്കുകളിൽ നിന്നും പണം കടംവാങ്ങി ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) സഹകരണ ബാങ്കുകളുടെ നിക്ഷേപം അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരിച്ചു നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly